# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തില്ലങ്കേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.10/1512/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 31/10/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തില്ലങ്കേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തില്ലങ്കേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തില്ലങ്കേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.10/1512/23 തീയ്യതി: 31/10/2023

## കണ്ണൂർ ജില്ലയിലെ തില്ലങ്കേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ തില്ലങ്കേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-11-2022 മുതൽ 06-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 29 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. എ.ആർ. ജിതേന്ദ്രൻ | ഡെപ്യൂട്ടി ഡയറക്ടർ | 07-09-2023 | 16-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 07-09-2023 | 16-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. പ്രദീപ് കുമാർ.എം, ഓഡിറ്റ് ഓഫീസർ
ശ്രീ. ആൽബർട്ട് ജോസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. രാജിമ. എ.സി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. ജിജില. ടി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ശ്രീമതി. പി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. അശോകൻ മലപ്പിലായി | സെക്രട്ടറി | 01-04-2022 | 13-01-2023 |
| ഷീനാകുമാരി പാല, അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 14-01-2023 | 31-01-2023 |
| ശ്രീ. രാമചന്ദ്രൻ വി | സെക്രട്ടറി | 01-02-2023 | 07-02-2023 |
| ശ്രീ. രാജേന്ദ്രൻ പിള്ള, അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 08-02-2023 | 15-02-2023 |
| ശ്രീ. തോമസ് ടി.ഡി | സെക്രട്ടറി | 16-02-2023 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ജീജ. പി. സി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ഡോ. അനീഷ് കുമാർ. കെ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2022 | 31-03-2023 |
| ശ്രീ. ഗഫൂർ. സി.എം | വെറ്റിനറി സർജൻ ഇൻ ചാർജ് | 01-04-2022 | 22-02-2023 |
| ഡോ. നിമ്മി വിൽസൺ | വെറ്റിനറി സർജൻ | 23-02-2023 | 31-03-2023 |
| ശ്രീമതി. രേഖ. കെ. ജെ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ. രാധാകൃഷ്ണൻ | ഹെഡ് മാസ്റ്റർ | 01-04-2022 | 30-06-2022 |
| ശ്രീ. ശ്രീകുമാർ. പി | ഹെഡ് മാസ്റ്റർ | 01-07-2022 | 31-03-2023 |
| ശ്രീമതി. പ്രസന്നകുമാരി | ഐ.സി.ഡി എസ്. സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ. രമേഷ്. പി.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 08-11-2022 |
| ശ്രീമതി. ഷീനാകുമാരി പാല | അസിസ്റ്റന്റ് സെക്രട്ടറി | 09-11-2022 | 31-01-2023 |
| ശ്രീ. ഷംസുദ്ദീൻ കെ വി, ഹെഡ്ക്ലർക്ക് | അസിസ്റ്റന്റ് സെക്രട്ടറി ഇൻ ചാർജ് | 01-02-2023 | 03-02-2023 |
| ശ്രീ. രാജേന്ദ്രൻ പിള്ള | അസിസ്റ്റന്റ് സെക്രട്ടറി | 04-02-2023 | 31-03-2023 |
| ശ്രീമതി. മിനി. സി. ജി | വി.ഇ.ഒ, തില്ലങ്കേരി സർക്കിൾ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീമതി. മിനി. സി.ജി | വി.ഇ.ഒ, ഇൻ ചാർജ്, പള്ള്യം സർക്കിൾ | 01-04-2022 | 16-07-2022 |
| ശ്രീ . സൂരജ്. കെ.വി | വി.ഇ.ഒ, പള്ള്യം സർക്കിൾ | 17-07-2022 | 26-12-2022 |
| ശ്രീമതി. മിനി. സി. ജി | വി.ഇ.ഒ, ഇൻ ചാർജ്, പള്ള്യം സർക്കിൾ | 27-12-2022 | 11-01-2023 |
| ശ്രീമതി. ഹെൻസ ലയോള | വി.ഇ.ഒ, പള്ള്യം സർക്കിൾ | 12-01-2023 | 31-03-2023 |
| ശ്രീ. നവീൻ രാജ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 22-06-2022 | 01-08-2022 |
| ശ്രീ. മുഹമ്മദ് ഫാരിസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 22-09-2022 | 07-12-2022 |
| ശ്രീമതി. അശ്വതി. കെ.ടി | ഡയറി ഫാം ഇൻസ്ട്രക്ടർ | 08-12-2022 | 02-02-2023 |
| ശ്രീ. സുജിൻ രാജ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 03-02-2023 | 31-03-2023 |
| ഡോ.ചഷ്മ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. | 01-04-2022 | 31-03-2023 |

01-04-2022 മുതൽ 21-06-2022 വരേയും 02-08-2022 മുതൽ 21-09-2022 വരേയും ഡയറി ഫാം ഇൻസ്ട്രക്ടർ തസ്തിക ഒഴിവ്.

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-3 |
| 5 | ബാലൻസ് ഷീറ്റ് ബി-9ഷെഡ്യൂളിലെ താഴെ കാണിച്ചിട്ടുള്ള ഹെഡിലെ തുകകളുടെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല | 1-1-4 |
| 6 | ബി-11(b) കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് മുൻ വർഷത്തെ അതേ നീക്കിയിരിപ്പ് തുകയാണ്(654373 രൂപ) തൻവർഷവും കാണിച്ചിട്ടുള്ളത് | 1-1-5 |
| 7 | ഡെപ്പോസിറ്റ് വർക്ക് - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്ത പ്രവൃത്തികൾക്ക് നൽകിയ തുക B-18 ശീർഷകത്തിൽ ഉൾപ്പെട്ടിട്ടില്ല | 1-1-6 |
| 8 | Movable Assets-vehicles 2021-22ൽ നീക്കിയിരിപ്പ് തുക ട്രയൽ ബാലൻസിലെ 2022-23 വർഷത്തെ മുന്നിരിപ്പ് തുകയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-7 |
| 9 | MGNREGS വാർഷീക കണക്ക് പ്രകാരമുള്ള ചെലവ് തുക ഫിനാൻസ് പെർഫോമൻസ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തൻവർഷ ആകെ ചെലവ് തുകയുമായി വ്യത്യാസപ്പെട്ടിരിക്കുന്നു. | 1-1-8 |
| 10 | ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള കോൺട്രാക്ടേഴ്സ് റീടെൻഷൻ മുന്നിരിപ്പ്തുക വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല | 1-1-9 |
| 11 | ധനകാര്യകമ്മീഷൻ ഗ്രാന്റ് ബേസിക് ,ടൈഡ് വരവ് ചെലവ് എ.സി.ആറുമായി പൊരുത്തപ്പെടുന്നില്ല് | 1-1-10 |
| 12 | ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ രേഖകൾ ഹാജരാക്കിയില്ല | 1-1-11 |
| 13 | സ്റ്റെയിൽ ചെക്ക് തുക പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വച്ചിട്ടില്ല | 1-1-12 |
| 14 | ബജറ്റ് | 1-2 |
| 15 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 16 | ഫണ്ട് വിനിയോഗം | 1-4 |
| 17 | പദ്ധതി അവലോകനം | 1-5 |
| 18 | തൊഴിലുറപ്പ് പദ്ധതി | 1-6 |

| | | |
|---|---|---|
| 19 | ക്ഷേമ പദ്ധതികൾ | 1-7 |
| 20 | ക്യാഷ് പരിശോധന | 1-8 |
| 21 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 22 | ഗ്രാമസഭ | 1-10 |
| 23 | വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം | 1-11 |
| 24 | കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കിയത് - സംബന്ധിച്ച് | 1-12 |
| 25 | ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കാത്തത് സംബന്ധിച്ച് | 1-13 |
| 26 | ഹോമിയോമരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമായില്ല-₹1,00,000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-14 |
| 27 | പട്ടികവർഗ്ഗ വിവാഹധനസഹായം രേഖകൾ ഹാജരാക്കിയില്ല. ₹1,00,000 തടസ്സപ്പെടുത്തുന്നു | 1-15 |
| 28 | എ.ബി.സി വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല-₹1,00,000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-16 |
| 29 | ഐ.കെ.എം വിഹിതം നൽകൽ -വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല-- ₹50,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-17 |
| 30 | സ്മാർട്ട് ഐ-ഫേസ് 1- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല-₹177000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-18 |
| 31 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി മാർഗരേഖ നിർദേശം പാലിച്ചില്ല | 1-19 |
| 32 | പട്ടികജാതി വിദ്യാർത്ഥികൾ പഠനമുറി പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ | 1-20 |
| 33 | ക്ഷീര കർഷകർക്ക് പാലുല്പാദന ഇൻസെന്റീവ് - അർഹമായ സബ്സിഡി ലഭിച്ചില്ല | 1-21 |
| 34 | മച്ചൂർമല ടൂറിസം സെന്റർ അടിസ്ഥാന സൗകര്യം ഒരുക്കൽ -അപാകങ്ങൾ | 1-22 |
| 35 | ആസ്തി പരിപാലനം - കാര്യക്ഷമമാക്കേണ്ടതാണ്. | 1-23 |
| 36 | പ്രാദേശിക സാമ്പത്തിക വികസനത്തിനായുള്ള പദ്ധതി - വിവരം ലഭ്യമാക്കിയിട്ടില്ല. | 1-24 |
| 37 | സാമൂഹ്യ ക്ഷേമ പെൻഷൻ - പെൻഷണർ മരണപ്പെട്ട ശേഷവും പെൻഷൻ ഗഡുക്കൾ അനുവദിച്ചു-36,800 രൂപ തിരികെ ഈടാക്കേണ്ടതാണ്. | 1-25 |
| 38 | തനത് വരുമാന വർദ്ധനവ് -അവലോകനം | 1-26 |


ഭാഗം **2**

--- No Records Found ---

ഭാഗം **3**

--- No Records Found ---

ഭാഗം **4**

| | | |
|---|---|---|
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ധനകാര്യ പത്രികകൾ | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് തില്ലങ്കേരി ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 1-7-2023 ലെ 73/2023 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 5.07.2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള തില്ലങ്കേരി ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തില്ലങ്കേരി ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

കണ്ണൂർ,
31.10.2023

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

1.ബി1- പഞ്ചായത്ത് ഫണ്ട് -ജനറൽ ഫണ്ട് തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുത്തിയ ബി 1 ഷെഡ്യൂൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

2.അക്കൗണ്ടിംഗ് ചട്ട പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ കാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. തൻ വർഷത്തെ ആകെ കാഷ് ഫ്ളോ 12283119 രൂപയും മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുക 404141രൂപയുമാണ്.

### 1-1-3 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

B-11 Schedule പ്രകാരമുള്ള തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിക്കുന്ന രീതിയിൽ ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

### 1-1-4 ബാലൻസ് ഷീറ്റ് ബി-9ഷെഡ്യൂളിലെ താഴെ കാണിച്ചിട്ടുള്ള ഹെഡിലെ തുകകളുടെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല

വാർഷികകണക്കിൽ ബി-9 ഷെഡ്യൂളിൽ കാണിച്ചിട്ടുള്ള താഴെ പറയുന്ന ശീർഷകങ്ങളിലെ തുകകളുടെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

A) 350400999- Refund Of Unutilised Grant -4131

B) 350409901-Refund Payable Others-28450

C)350800199- Other Creditors -12840

D)350110101- Employees Liabilities -Gross Salary Payable- 132758

ആയത് ഏതിനത്തിലെ തുകയാണെന്ന് വ്യക്തമല്ല എന്നറിയിച്ചിട്ടുണ്ട്. ആയത് ഏതിനത്തിലെ തുക ആണെന്ന് കണ്ടെത്തി ക്രമീകരിക്കേണ്ടതാണ്.

### 1-1-5 ബി-11(b) കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് മുൻ വർഷത്തെ അതേ നീക്കിയിരിപ്പ് തുകയാണ്(654373 രൂപ) തൻവർഷവും കാണിച്ചിട്ടുള്ളത്

ബി-11(b) കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് ശീർഷകത്തിൽ മുൻവർഷത്തെ അതേ നീക്കിയിരിപ്പ് തുകയാണ്(654373 രൂപ) തൻവർഷവും കാണിച്ചിട്ടുള്ളത്. ആയതിന്റെ കൃത്യത പരിശോധിക്കുന്നതിനുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല.

### 1-1-6 ഡെപ്പോസിറ്റ് വർക്ക് - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്ത പ്രവൃത്തികൾക്ക് നൽകിയ തുക B-18 ശീർഷകത്തിൽ ഉൾപ്പെട്ടിട്ടില്ല

സെക്രട്ടറി നിർവ്വഹണം ചെയ്ത പദ്ധതിയിൽ കെ.എസ്.ഇ.ബി യിൽ ഡെപ്പോസിറ്റ് ചെയ്ത് വിനിയോഗസാക്ഷ്യപത്രം ലഭിക്കാത്ത പ്രവൃത്തികൾ ഉണ്ടെങ്കിലും ആയത് ബി-18ൽ ഉൾപ്പെട്ടിട്ടില്ല

### 1-1-7 Movable Assets-vehicles 2021-22ൽ നീക്കിയിരിപ്പ് തുക ട്രയൽ ബാലൻസിലെ 2022-23 വർഷത്തെ മുന്നിരിപ്പ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

Movable Assets-vehicles 2021-22ൽ നീക്കിയിരിപ്പ് 669014 ആണ്. എന്നാൽ 2022-23ൽ ഈ ഇനത്തിൽ ട്രയൽ ബാലൻസിൽ ഓപ്പണിങ്ങ് ബാലൻസായി കാണിച്ചിട്ടുള്ളത് 1921558 ആണ്.

### 1-1-8 MGNREGS വാർഷീക കണക്ക് പ്രകാരമുള്ള ചെലവ് തുക ഫിനാൻസ് പെർഫോമൻസ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തൻവർഷ ആകെ ചെലവ് തുകയുമായി വ്യത്യാസപ്പെട്ടിരിക്കുന്നു.

വാർഷിക കണക്ക് പ്രകാരം എം.ജി.എൻ.ആർ.ഇ.ജി.എസ് റവന്യൂ ചെലവ് 41188430 (I-6ഷെഡ്യൂൾ ) രൂപയും മൂലധന ചെലവ് 14718490 രൂപയും (ലെഡ്ജർ റിപ്പോർട്ട് പ്രകാരം) ഉൾപ്പെടെ ആകെ 5,59,06,920 രൂപയാണ്. എന്നാൽ എം.ജി.എൻ.ആർ.ഇ.ജി.എസ് ഫിനാൻസ് പെർഫോമൻസ് സ്റ്റേറ്റ്മെന്റ് പ്രകാരം തൻവർഷ ആകെ ചെലവ് 5,33,77,000 രൂപയാണ്. 2529920 രൂപയുടെ വ്യത്യാസം വിശദീകരിച്ചിട്ടില്ല.

### 1-1-9 ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള കോൺട്രാക്ടേഴ്സ് റീടെൻഷൻ മുന്നിരിപ്പ്തുക വാർഷിക

ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം 2021-22 വർഷത്തെ കോൺട്രാക്ടേഴ്സ് റിടെൻഷൻ ഇനത്തിലെ നീക്കിയിരിപ്പ് തുക 150566 രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റ് ബി -7 ഷെഡ്യൂൾ പ്രകാരം 2021-22 ലെ ഈ ഇനത്തിലെ നീക്കിയിരിപ്പായി രേഖപ്പെടുത്തിയത് 161863 രൂപയാണ്. രജിസ്റ്ററിൽ 150566 രൂപ മുന്നിരിപ്പ് എടുത്താണ് വാർഷിക സംഗ്രഹം തയ്യാറാക്കിയിട്ടുള്ളത് . മുന്നിരിപ്പിലെ 11297 രൂപയുടെ വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല.

## 1-1-10 ധനകാര്യകമ്മീഷൻ ഗ്രാന്റ് ബേസിക് ,ടൈഡ് വരവ് ചെലവ് എ.സി.ആറുമായി പൊരുത്തപ്പെടുന്നില്ല്

A)ധനകാര്യകമ്മിഷൻ അവാർഡ് അൺടൈഡ് തൻവർഷ വരവ് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, പ്രകാരം ആകെ 2297000+പലിശ 59065 രൂപഉൾപ്പെടെ 2356065 രൂപയാണ് എന്നാൽ വാർഷിക കണക്ക് (RP_30 ) പ്രകാരം 2340600 രൂപയാണ്. 15465 രൂപയുടെ വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല.
B)ധനകാര്യകമ്മീഷൻ ഗ്രാന്റ് ടൈഡ്, വാർഷിക ധനകാര്യപത്രിക പ്രകാരം ചെലവ് 3469068രൂപയും ACR പ്രകാരം ചെലവ് 3486435 രൂപയുമാണ്. 17367 രൂപയുടെ വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല.

## 1-1-11 ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ രേഖകൾ ഹാജരാക്കിയില്ല

ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ രേഖകൾ ഹാജരാക്കിയില്ല.

## 1-1-12 സ്റ്റെയിൽ ചെക്ക് തുക പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വച്ചിട്ടില്ല

ബി 9 ഷെഡ്യൂളിൽ Liability In Respect Of Stale Cheque എന്ന ഇനത്തിൽ (350800101) 6850 രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിലും പ്രസ്തുത തുക ഈ ഇനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മേൽ ചെക്കുകളിൽ മൂന്ന വർഷം കാലാവധി കഴിഞ്ഞ ചെക്കുകൾ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല.

## 1-2 ബജറ്റ്

തില്ലങ്കേരി ഗ്രാമ പഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് 21-03-2022 തീയതിയിലെ 01/22നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 08-03-2023 ലെ 70/23നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 1415227 | 4038306 |
| വരവ് | 183969400 | 161265260 |
| ആകെ | 185384627 | 165303566 |
| ചെലവ് | 184507000 | 161067730 |
| നീക്കിയിരിപ്പ് | 877627 | 4235836 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 5998958 |
| വരവ് | 23300407 |
| ആകെ | 29299365 |
| ചെലവ് | 22896266 |
| നീക്കിയിരിപ്പ് | 6403099 |
| വരവിനങ്ങളിലെ നഷ്ടം | 0 |
| ചെലവിനങ്ങളിലെ നഷ്ടം | 0 |
| തടസ്സപ്പെടുത്തിയ തുക | 527000 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് ജനറൽ | 0 | 12058000 | 12058000 | 10411734 | 1646266 |
| വികസനഫണ്ട് എസ്.സി.പി | 0 | 722641 | 722641 | 722641 | 0 |
| വികസനഫണ്ട് 'ടി എസ് പി ' | 0 | 1390352 | 1390352 | 1257568 | 132784 |
| മെയിന്റനൻസ് റോഡ് | 0 | 5019000 | 5019000 | 3849564 | 1169436 |
| മെയിന്റനൻസ് നോൺറോഡ് | 0 | 4565000 | 4565000 | 4565000 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് -അൺടൈഡ് ബേസിക് | 165651 | 2356065 | 2521716 | 2458731 | 62985 |
| ധനകാര്യ കമ്മീഷൻ അവാർഡ് -ടൈഡ് | 37482 | 3446000+197889 (ട്രഷറി) | 3681371 | 3554109= 3469068(bank) +85041 (ട്രഷറി) | 14414 (ബാങ്ക്)+ 112840(ട്രഷറി) =127262 |
| എംജിഎൻ ആർഇജിഎസ് | 261240 | 36537025 | 36798265 | 36656029 | 142236 |
| ഐസിഡിഎസ് | 671247 | 1127726 | 1798973 | 152802 | 1646171 |
| ടോട്ടൽ സാനിറ്റേഷൻ | 56724 | 0 | 56724 | 0 | 56724 |
| ശുചിത്വ മിഷൻ | 602146 | 1264 | 603410 | 15000 | 588410 |
| ആർദ്ര കേരളം | 300000 | 0 | 300000 | 0 | 300000 |
| കുടിവെള്ളം | 10000 | 0 | 10000 | 0 | 10000 |
| സ്പെസിഫിക് പർപ്പസ് ഗ്രാന്റ്- | 12000 | 0 | 12000 | 0 | 12000 |
| വിമുക്തി | 33460 | 0 | 33460 | 0 | 33460 |
| ഇലക്ഷൻ* | 10,000 | 0 | 10,000 | 0 | 10,000 |
| മൃഗ സംരംക്ഷണം | 965 | 0 | 965 | 0 | 965 |
| സാക്ഷരത | 3084 | 88 | 3172 | 0 | 3172 |
| ആയുർവേദാശുപത്രി നവീകരണം | 38,334 | 450000 | 488334 | 224565 | 263769 |
| സ്വച്ഛ് ഭാരത് | 0 | 108000 | 108000 | 0 | 108000 |
| നിർമ്മൽ പുരസ്കാർ | 120658 | 0 | 120658 | 0 | 120658 |
| ഹെൽത്ത് ഗ്രാന്റ് | 0 | 182190 | 182190 | 61263 | 120927 |
| ഹെൽത്ത് ഗ്രാന്റ് | 0 | 55000 | 55000 | 0 | 55000 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 142 | 71870719 | 113 | 35827419 | 40 | 29 | 73 | 51.05 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 7 | 1361800 | 869585 | 63.86 |
| വെറ്ററിനറി സർജ്ജൻ | 9 | 8 | 2310326 | 1184577 | 51.27 |
| മെഡിക്കൽ ഓഫീസർ, എഫ്.എച്ച്. സി | 10 | 8 | 3066072 | 2283968 | 74.49 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 4 | 4 | 698090 | 698002 | 99.99 |
| വി.ഇ.ഒ, തില്ലങ്കേരി | 9 | 7 | 26387260 | 9057435 | 34.33 |
| വി.ഇ.ഒ, പള്ള്യം | 4 | 4 | 403000 | 403000 | 100 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 8 | 4398999 | 3231957 | 73.47 |
| സെക്രട്ടറി | 31 | 21 | 8540551 | 4049067 | 47.41 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 43 | 29 | 21147542 | 11163731 | 53.79 |
| ഹെഡ് മാസ്റ്റർ | 9 | 9 | 1267014 | 1250019 | 98.66 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 800000 | 534503 | 66.81 |
| അസിസ്റ്റന്റ് സെക്രട്ടറി | 7 | 7 | 1490065 | 1101575 | 73.93 |
| ആകെ | 142 | 113 | 71870719 | 35827419 | 49.85 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 261240 | 3655926 | 3917166 | 3774930 | 142236 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 32881099 | 32881099 | 32881099 | 0 |
| ആകെ | 261240 | 36537025 | 36798265 | 36656029 | 142236 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച | ഗുണഭോക്താക്കളുടെ |
|---|---|---|

| | തുക | എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 8376600 | 559 |
| വിധവാപെൻഷൻ | 9391800 | 684 |
| വാർദ്ധക്യകാലപെൻഷൻ | 13321200 | 1046 |
| വികലാംഗപെൻഷൻ | 3477600 | 252 |
| അവിവാഹിത പെൻഷൻ | 918000 | 66 |
| വിവാഹ ധനസഹായം | 30000 | 1 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11-09-2023 തീയതിയിൽ 2.30 PM ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 25960 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്. വിവിധ സെക്ഷനുകളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർണയിച്ചുകൊണ്ടുള്ള വിശദമായ ജോലി വിഭജനരേഖ തയ്യാറാക്കിയിട്ടുണ്ട്. ഓഫീസ് ഉത്തരവുകളിലൂടെ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നുണ്ട്. സ്റ്റാഫ് മീറ്റിങ്ങുകൾ ചേർന്ന് ഓഫീസിന്റെ പ്രവർത്തനം വിലയിരുത്തി അപാകങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓഫീസ് മീറ്റിങ്ങുകളിൽ നികുതികൾ പിരിച്ചെടുക്കുന്നതിലെ പുരോഗതിയും, ഫ്രണ്ട് ഓഫീസിന്റെ പ്രവർത്തനം വിലയിരുത്തുകയും പൊതുജനങ്ങൾക്ക് കാലതാമസമില്ലാതെ സേവനങ്ങൾ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട്. ഐ.എൽ.ജി.എം.എസ് വഴിയുള്ള ഫയൽ പ്രൊസസിങ്ങിലുള്ള പുരോഗതി വിലയിരുത്തി പെൻഡിങ്ങ് ഫയലുകൾ തീർപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## 1-10 ഗ്രാമസഭ

ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലും 2022-23 വർഷം ഗ്രാമസഭകൾ 4 തവണ യോഗം ചേർന്നിട്ടുണ്ട്. 2022-23 വാർഷിക പദ്ധതി രൂപീകരണം, 2021-22 പദ്ധതി അവലോകനം, ലൈഫ് പദ്ധതി ഗുണഭോക്താക്കളെ അംഗീകരിക്കൽ, 2022-23 വാർഷിക പദ്ധതി ഗുണഭോക്താക്കളെ അംഗീകരിക്കൽ, എം.ജി.എൻ.ആർ.ഇ.ജി.എസ് ആക്ഷൻ പ്ലാൻ അംഗീകരിക്കൽ, 2023-24 വാർഷിക പദ്ധതി രൂപീകരണം തുടങ്ങിയവ അജണ്ടയിൽ ഉൾപ്പെടുത്തുകയും, മിനുട്സിൽ നിർദ്ദേശങ്ങളും തീരുമാനങ്ങളും രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

## 1-11 വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം

വർക്കിംഗ് ഗ്രൂപ്പ് മിനുട്സുകൾ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. ഉദാഹരണമായി സാമൂഹ്യക്ഷേമ വർക്കിംഗ് ഗ്രൂപ്പിന്റെ മിനുട്സിൽ 12-05-2022, 27-05-2022, 02-06-2022 തീയതികളിൽ യോഗം ചേർന്നതായി രേഖപ്പെടുത്തി പങ്കെടുത്തവർ ഒപ്പ് വച്ച് ഹാജർ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും തീരുമാനങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല. പ്രോജക്ട് മോണിറ്ററിങ്ങ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതാണെന്ന് പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിക്കപ്പെട്ടതായി വർക്കിംഗ് ഗ്രൂപ്പ് മിനുട്സുകൾ പരിശോധിച്ചതിൽ നിന്ന് വ്യക്തമാവുന്നില്ല. വർക്കിംഗ് ഗ്രൂപ്പ് മിനുട്സുകളിലൊന്നും മോണിറ്ററിങ്ങ് നടത്തിയതായുള്ള പരാമർശമില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും മിനുട്സ് കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതുമാണ്.

## 1-12 കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കിയത് - സംബന്ധിച്ച്

സ.ഉ(എം.എസ്)നം.144/15/തസ്വഭവ തി.27.04.2015 പ്രകാരം 60 ച.മി വരെ വിസ്തീർണമുള്ള എല്ലാ വാസ ഗൃഹങ്ങളേയും 2015-16 സാമ്പത്തിക വർഷം മുതൽ വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. സഞ്ചയയിൽ വസ്തുനികുതി, ഉപനികുതി എന്നിവ ഒഴിവാക്കിയ കെട്ടിടങ്ങളുടെ വിവരങ്ങൾ, അസസ്മെന്റ് (ഫോറം 6) എന്നിവ പരിശോധിച്ചപ്പോൾ 60

ച.മി യിൽ കൂടുതൽ വിസ്തീർണമുള്ള ചുവടെ ചേർത്ത കെട്ടിങ്ങൾക്ക് നികുതി ചുമത്തിയിട്ടില്ല.

| ക്രമ നമ്പർ | കെട്ടിട നമ്പർ | കെട്ടിട ഉടമ | കെട്ടിടത്തിന്റെ വിസ്തീർണ്ണം (ച.മീ) |
|---|---|---|---|
| 1 | 5/181 A | മഠത്തുക്കണ്ടി ശ്രീജ | 81.14 |
| 2 | 10/8 | വി.എം.വേണുഗോപാൽ | 112.1 |
| 3 | 12/188 | കോയേരി സരോജിനി | 80.58 |
| 4 | 12/222 | കാരായി പത്മനാഭൻ | 80.58 |

മേൽ കെട്ടിടങ്ങൾക്ക് വസ്തു നികുതി ചുമത്താത്തതിനുള്ള കാരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് 25/14.09.2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി സ്ഥലത്ത് ചെന്ന് അന്വേഷണം നടത്തി മേൽ കെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്കരണം നടത്തുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. നടപടികൾ പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-13 ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കാത്തത് സംബന്ധിച്ച്

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, സെക്ഷൻ 204 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ 60 ദിവസത്തിൽ കുറയാതെ ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസ്സിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ, ഏർപ്പെടുകയോ, പൊതുവായോ, സ്വകാര്യമായോ എന്തെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

2022-23 വർഷത്തെ എഫ്.ടി.ഇ & ഒ.എസ് ലൈസൻസ് രജിസ്റ്റർ, ലൈസൻസ് അപേക്ഷകൾ, തൊഴിൽനികുതി രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ, ലൈസൻസ് അനുവദിച്ച ഒന്നിൽ കൂടുതൽ ജീവനക്കാരുള്ള താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാത്തതിനെ തുടർന്ന് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (19/13.09.2023) അപേക്ഷയിൽ ജീവനക്കാരുടെ എണ്ണം തെറ്റായി രേഖപ്പെടുത്തിയതാണ് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. എന്നാൽ ആയത് സംബന്ധിച്ച ഫീൽഡ് പരിശോധന റിപ്പോർട്ട് ഫയലിൽ ഉൾപ്പെടുത്തിയില്ല.

| ക്രമ നം | കെട്ടിട നം / ലൈസൻസിയുടെ പേര് | സ്ഥാപനം | അപേക്ഷയിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | 8/386 E,F ഡോ.ജസീറ ചോലയിൽ | ഡെന്റൽ ക്ലിനിക്ക് | 2 |
| 2 | 8/372,373,374 നിസാർ.കെ.പി | പലചരക്ക് കട | 2 |
| 3 | 2/90 A അസ്കർ.കെ | അനാദി കട | 3 |
| 4 | 10/108 സുധീന്ദ്രൻ.സി.വി | ഇലക്ട്രിക്ക്, പ്ലംബിംഗ് കട | 2 |
| 5 | 8/429 സി.കെ.സന്തോഷ് കുമാർ | പച്ചക്കറികട | 2 |
| 6 | 8/361 എം.കെ.ഖദീജ | മരമില്‍ | 4 |
| 7 | 11/261 A എൻ.എൻ.മൂസ | പാം ഓയിൽ വിൽപ്പന | 3 |
| 8 | 8/94 B സുരേഷ്ബാബു.കെ | ഡി.ടി.പി വർക്സ് | 2 |

| | | | |
|---|---|---|---|
| 9 | 5/127<br>യു.മോഹനൻ | ഹോട്ടൽ | 2 |
| 10 | 2/37B<br>കെ.രഘുനാഥൻ | ബേക്കറി നിർമാണം | 2 |
| 11 | 1/230 A, B<br>സന്തോഷ്.ജെ.പി | ബേക്കറി (ഉൽപ്പാദനം, വിൽപ്പന) | 3 |
| 12 | 2/261 F<br>സെക്രട്ടറി | ജനകീയ ഹോട്ടൽ | 4 |
| 13 | 12/240 A<br>രാജീവൻ.കെ | ഹോട്ടൽ | 2 |
| 14 | 8/488<br>അബൂബക്കർ | ഹോട്ടൽ | 3 |
| 15 | 3/58 A<br>കെ.ഷംസിയ | പൗൾട്ടി ഫാം | 2 |
| 16 | 10/160<br>തണലോട്ട് സലാം | മരമിൽ | 2 |
| 17 | 8/368A<br>സുധീന്ദ്രൻ.സി.വി | ഹാർഡ്‌വെയർ | 2 |
| 18 | 8/513<br>രമ്യ വില്ലൻ | സ്റ്റുഡിയോ | 2 |
| 19 | 10/135, 136<br>പി.കെ. ഗോവിന്ദൻ | ഫർണിച്ചർ നിർമാണം | 2 |
| 20 | 8/348<br>സനില.എം | ഹോട്ടൽ | 4 |
| 21 | 4/196, 197<br>സരിൽ.വി | അലൂമിനിയം ഫാബ്രിക്കേഷൻ | 2 |

സ്ഥാപനത്തിലെ ജീവനക്കാരുടെ എണ്ണം സ്ഥാപന ഉടമ തന്നെ അപേക്ഷകളിൽ രേഖപ്പെടുത്തിയിട്ടുള്ളതിനാൽ, ഫീൽഡ് പരിശോധന നടത്തി സ്ഥാപനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം ഉറപ്പുവരുത്തേണ്ടതും ആയത് സംബന്ധിച്ച റിപ്പോർട്ട് ഫയലിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

## 1-14 ഹോമിയോമരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമായില്ല-₹1,00,000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി |
| പ്രോജക്ടിന്റെ നമ്പർ/പേര് | 18/23, ഹോമിയോമരുന്ന് വാങ്ങൽ |
| അടങ്കൽ | ₹1,00,000 (മെയിന്റനൻസ് ഫണ്ട് നോൺ റോഡ്) |
| ചെലവ് | ₹1,00,000 |
| പ്രൊഫോർമ ഇൻ വോയിസ് നമ്പർ/തീയതി | PF-1248/7-2-23 |
| ബിൽ നം/തീയതി | 32/23-02-2023 |

മേൽ പദ്ധതി പ്രകാരം തില്ലങ്കേരി ആയുഷ് ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി ഹോംകോവിൽ നിന്ന് ലഭ്യമാക്കിയ പ്രൊഫോർമ ഇൻവോയ്സ് (PF-1248/7-2-23) അനുസരിച്ച് 1,00,000രൂപ

ഹോംകോവിന്റെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട് . എന്നാൽ മരുന്നുകൾ ലഭ്യമായത് സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം സ്റ്റോക്ക് രജിസ്റ്റർ സഹിതം പരിശോധനക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/13-9-23) ലഭ്യമാക്കിയ മറുപടിയിൽ മരുന്നുകൾ ലഭ്യമായിട്ടില്ല എന്ന് അറിയിച്ചിട്ടിട്ടുണ്ട്. മരുന്നുകൾ ലഭ്യമാവാത്തതിനാൽ ₹1,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്റർ സഹിതം പരിശോധനക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-15 പട്ടികവർഗ്ഗ വിവാഹധനസഹായം രേഖകൾ ഹാജരാക്കിയില്ല. ₹1,00,000 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രൊജക്റ്റ് നമ്പർ / പേര് | 198/2023<br>പട്ടികവർഗ്ഗ വിവാഹധനസഹായം |
| അടങ്കൽ | ₹1,00,000, വികസന ഫണ്ട്, ടി.എസ്.പി |
| ചെലവ് | ₹1,00,000<br>(ബിൽ നമ്പർ : 64/17.10.2022) |

തില്ലങ്കേരി ഗ്രാമപഞ്ചായത്തിലെ ശ്രീമതി. ലക്ഷ്മി. എസ്.കെ എന്നവർക്ക് ടിയാരിയുടെ മകളായ ആതിര.എസ്.കെ യുടെ വിവാഹ ധനസഹായം ഇനത്തിൽ മേൽ പ്രോജക്റ്റ് പ്രകാരം 1,00,000 രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ഗുണഭോക്താവിന് പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. പ്രസ്തുത സാക്ഷ്യപത്രം സൂക്ഷിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (14/12.09.2023) സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കുന്നതാണെന്നാണ് മറുപടി നല്കിയിട്ടുള്ളത്. പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന് തെളിയിക്കുന്ന സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹1,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-16 എ.ബി.സി വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല- ₹1,00,000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നമ്പർ | 221/23, |
| പ്രോജക്റ്റിന്റെ പേര് | എ.ബി.സി വിഹിതം നൽകൽ |
| അടങ്കൽ | ₹100000 വികസനഫണ്ട്, പൊതുവിഭാഗം |
| ചെലവ് | ₹100000 |
| ബിൽ നമ്പർ, തീയതി | 194/28-2-23 |

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പിന്റെ 23-08-2022 തീയതിയിലെ 2065/2022/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഗ്രാമ, ബ്ലോക്ക്, ജില്ല പഞ്ചായത്തുകളുടേയും നഗരഭരണ സ്ഥാപനങ്ങളുടേയും സംയുക്ത പ്രൊജക്റ്റായാണ് എ.ബി.സി നടപ്പിലാക്കേണ്ടതെന്നും മുഖ്യനിർവ്വഹണ സ്ഥാപനം ജില്ലാപഞ്ചായത്തായിരിക്കുമെന്നും ഇതിനുള്ള വിഹിതം ജില്ലാപഞ്ചായത്തിന് മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങൾ കൈമാറണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് പ്രകാരം ₹100000 ഗ്രാമപഞ്ചായത്ത് കണ്ണൂർ ജില്ല പഞ്ചായത്തിന് മേൽ പദ്ധതി പ്രകാരം കൈമാറിയിട്ടുണ്ട്. പ്രസ്തുത തുകയുടെ

വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടോ എന്ന് അറിയിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 7/12-9-23 ) വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ലെന്ന് മറുപടി നല്കിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹100000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രവും ഗ്രാമപഞ്ചായത്തിൽ ഈ പദ്ധതി പ്രകാരം നടപ്പാക്കിയ പരിപാടികൾ സബന്ധിച്ച മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-17 ഐ.കെ.എം വിഹിതം നൽകൽ -വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല-- ₹50,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ, പേര് | 178/23, ഐ.കെ.എം വിഹിതം നൽകൽ |
| അടങ്കൽ | ₹50,000 വികസനഫണ്ട് -പൊതുവിഭാഗം |
| ചെലവ് | ₹50,000 |
| ബിൽ നമ്പർ, തീയതി | 28/12-8-22 |

ഐ.കെ.എം വികസിപ്പിച്ച സോഫ്റ്റ്‌വെയർ സംവിധാനങ്ങളുടെ ഫലപ്രദമായ വിന്യാസത്തിനും മെയിന്റനൻസിനുമായി സർക്കാർ അനുവദിച്ച വികസനഫണ്ടിന്റെ 0.25% പ്രതിവർഷം ഐ.കെ.എം ന് അടച്ച് നൽകേണ്ടതുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ₹50000 ഐ.കെ.എം എക്സിക്യൂട്ടീവ് ഡയരക്ടർക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടോ എന്നറിയിക്കാൻ വേണ്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (8/12-9-23 ) വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ലെന്ന് മറുപടി നല്കിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹50000-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-18 സ്മാർട്ട് ഐ-ഫേസ് 1- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല- ₹177000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പർ | 240/23 |
| പ്രോജക്ടിന്റെ പേര് | സ്മാർട്ട് ഐ-ഫേസ് 1 |
| അടങ്കൽ | ₹177000 വികസനഫണ്ട് -പൊതുവിഭാഗം |
| ചെലവ് | ₹1,77,000 ബിൽ നം : 195/28-2-23 |

മേൽ പ്രൊജക്ട് പ്രകാരം പൊതു ഇടങ്ങളിൽ മാലിന്യം വലിച്ചെറിയുന്നത് കണ്ടെത്തി തടയുന്നതിന് സി.സി.ടി.വി സ്ഥാപിക്കുന്നതിന് മുന്നോടിയായി ഇന്റർനെറ്റ് കണക്ടിവിറ്റി സൗകര്യങ്ങൾ, നെറ്റ് വർക്ക് ക്യാമറ, പവ്വർ ഒപ്റ്റിമൈസർ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ എന്നിവ സ്ഥാപിക്കുന്നതിനായി കണ്ണൂർ ജില്ലാപഞ്ചായത്തിന് ₹1,77,000 കൈമാറിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം, മേൽ പ്രോജക്ടിന്റെ ഭാഗമായി നടത്തിയ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരം ലഭ്യമാക്കുന്നതിന് വേണ്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/12-9-23) ലഭ്യമാക്കിയ മറുപടിയിൽ ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ് എന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹1,77,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തുകയുടെ വിനിയോഗ സാക്ഷ്യപത്രവും പ്രവർത്തന പുരോഗതി അടങ്ങുന്ന മോണിറ്ററിംഗ് റിപ്പോർട്ടും ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-19 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി മാർഗരേഖ നിർദേശം പാലിച്ചില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രൊജക്ട് നമ്പർ / പേര് | 199/2023, പട്ടികവർഗ്ഗ പഠനമുറി |
| അടങ്കൽ | ₹8,76,565 വികസന ഫണ്ട് (ടി എസ് പി) |
| ചെലവ് | 1) ₹67,852 (ബിൽ നമ്പർ : 205/08.03.2023)<br>2)₹1,32,784 (ബിൽ നമ്പർ : 220/16.03.2023)<br>3)₹1,00,000 (ബിൽ നമ്പർ : 106/27.12.2022)<br>4)₹75,000 (ബിൽ നമ്പർ : 107/27.12.2022)<br>5)₹1,00,000 (ബിൽ നമ്പർ : 98/12.12.2022)<br>6)₹50,000 (ബിൽ നമ്പർ : 88/23.11.2022)<br>7)₹75,000 (ബിൽ നമ്പർ : 97/12.12.2022)<br>8)₹45,497 (ബിൽ നമ്പർ : 247/28.03.2023)<br>ആകെ – ₹ 6,46,133 |

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ച് നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. പദ്ധതി പ്രകാരം 5 വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്.

1)സബ്സിഡി മാർഗരേഖ സ.ഉ.(കൈ)നം.115/2022/LSGD തീയതി 28/05/2022 പ്രകാരം 800 ചതുരശ്ര അടിയിൽ അധികരിക്കാത്ത വീടുകൾക്ക് 120 ചതുരശ്ര അടിയിൽ അധികരിക്കാതെയാണ് പഠനമുറി നിർമ്മിച്ച് പദ്ധതി ആനുകൂല്യം നൽകേണ്ടത്. എന്നാൽ നിർമ്മിച്ച പഠനമുറിയുടെ വിസ്തീർണം സംബന്ധിച്ച രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3)ഗുണഭോക്താക്കളുമായി എഗ്രിമെന്റിൽ ഏർപ്പെടുന്നതിനായി മുദ്രപേപ്പറുകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയതിൽ രേഖപ്പെടുത്തലുകൾ ഒന്നും തന്നെ വരുത്തിയിട്ടില്ല.

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/12-09-2023) മറുപടിയായി പഠനമുറി പൂർത്തീകരിച്ച് വാല്യേഷൻ എടുക്കുന്ന അവസരത്തിൽ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കുന്നതാണെന്നും മുദ്രപേപ്പറുകളിൽ രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

മാർഗരേഖയിൽ നിർദേശിച്ചത് പ്രകാരം പഠനമുറിയുടെ വിസ്തീർണ്ണം 120 ചതുരശ്ര അടിയിൽ അധികരിക്കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതും വിസ്തീർണ്ണം തെളിയിക്കുന്ന രേഖകൾ ഓഡിറ്റിന് ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-20 പട്ടികജാതി വിദ്യാർത്ഥികൾ പഠനമുറി പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രൊജക്ട് നമ്പർ / പേര് | 197/2023,പട്ടികജാതി പഠനമുറി (സ്പിൽ ഓവർ) |
| അടങ്കൽ | ₹3,32,000 വികസന ഫണ്ട്,(എസ് സി പി) |
| ചെലവ് | ₹50,000 (ബിൽ നമ്പർ : 82/18.11.2022)<br>₹66,032 (ബിൽ നമ്പർ : 123/12.01.2023)<br>₹50,000 (ബിൽ നമ്പർ : 81/18.11.2022)<br>₹15,289 (ബിൽ നമ്പർ : 246/28.03.2023)<br>ആകെ ₹ 1,81,321 |

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ച് നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. പദ്ധതി പ്രകാരം 2 വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) സബ്സിഡി മാർഗരേഖ സ.ഉ.(കൈ)നം.115/2022/LSGD തീയതി 28/05/2022 പ്രകാരം 800 ചതുരശ്ര അടിയിൽ അധികരിക്കാത്ത നിലവിലെ വീടുകളോട് ചേർന്ന് 120 ചതുരശ്ര അടിയിൽ അധികരിക്കാതെയാണ് പഠനമുറി നിർമ്മിച്ച്

പദ്ധതി ആനുകൂല്യം നൽകേണ്ടത്. എന്നാൽ നിർമ്മിച്ച പഠനമുറിയുടെ വിസ്തീർണം സംബന്ധിച്ച രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2)ഗുണഭോക്താക്കളുമായി എഗ്രിമെന്റിൽ ഏർപ്പെടുന്നതിനായി മുദ്രപേപ്പറുകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയതിൽ രേഖപ്പെടുത്തലുകൾ ഒന്നും തന്നെ വരുത്തിയിട്ടില്ല.
അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/12-09-2023) മറുപടിയായി പഠനമുറി പൂർത്തീകരിച്ച് വാല്വേഷൻ എടുക്കുന്ന അവസരത്തിൽ സാക്ഷ്യപത്രം വാങ്ങി ഓഡിറ്റിന് ഹാജരാക്കുന്നതാണെന്നും മുദ്രപേപ്പറുകളിൽ രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.
മാർഗരേഖയിൽ നിർദേശിച്ചത് പ്രകാരം പഠനമുറിയുടെ വിസ്തീർണ്ണം 120 ചതുരശ്ര അടിയിൽ അധികരിക്കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതും വിസ്തീർണ്ണം തെളിയിക്കുന്ന രേഖകൾ ഓഡിറ്റിന് ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-21 ക്ഷീര കർഷകർക്ക് പാലുല്പാദന ഇൻസെന്റീവ് - അർഹമായ സബ്സിഡി ലഭിച്ചില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്ട്രക്ടർ |
| പ്രോജക്ടിന്റെ നമ്പരും പേരും | 157/23 ക്ഷീര കർഷകർക്ക് പാലുല്പാദന ഇൻസെന്റീവ് |
| അടങ്കൽ | ₹4,00,000 വികസന ഫണ്ട്(പൊതു വിഭാഗം)<br>₹ 2,00,000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>₹ 2,00,000 ജില്ലാ പഞ്ചായത്ത് വിഹിതം<br>ആകെ - ₹8,00,000 |
| ചെലവ് | ₹ 4,00,000 വികസന ഫണ്ട്(പൊതു വിഭാഗം),<br>ബിൽ നം. 1/20-02-2023<br>₹ 50,503 ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>ബിൽ നം. 3/16-03-2023,<br>₹ 84,000 ജില്ലാ പഞ്ചായത്ത് വിഹിതം<br>ബിൽ നം. 2/20-02-23,<br>ആകെ ചെലവ് - ₹5,34,503 |

28-05-2022 ലെ സർക്കാർ ഉത്തരവ് (കൈ) നം-115/2022/ത.സ്വ.ഭ.വ പ്രകാരം പുറപ്പെടുവിച്ച സബ്സിഡി-ധനസഹായം-അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 6-3 (9) പ്രകാരം 40,000 രൂപ വാർഷിക പരിധിക്ക് വിധേയമായി, കർഷകർ ക്ഷീര സംഘത്തിൽ നല്കുന്ന ഒരു ലിറ്റർ പാലിന് 3 രൂപ നിരക്കിൽ സബ്സിഡി അനുവദിക്കാവുന്നതാണ്. എന്നാൽ മേൽ പ്രോജക്ട് പ്രകാരം ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട ക്ഷീരകർഷകർക്ക് 2023 ഏപ്രിൽ മുതൽ നവംബർ വരെയുള്ള കാലയളവിലെ സബ്സിഡി മാത്രമാണ് അനുവദിച്ചിട്ടുള്ളത്. തുടർന്നുള്ള മാസങ്ങളിൽ സബ്സിഡി അനുവദിച്ചിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (23/13-09-2023) ഫണ്ടില്ലാത്തതിനാൽ നവംബർ വരെയുള്ള കാലയളവിലെ സബ്സിഡി മാത്രമേ നല്കാൻ സാധിച്ചിട്ടുള്ളൂ എന്ന് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നല്കിയിട്ടുണ്ട്. ഭാവിയിൽ പ്രൊജക്ട് തയ്യാറാക്കുമ്പോൾ ക്ഷീരകർഷകർക്ക് അർഹമായ മുഴുവൻ സബ്സിഡിയും ലഭ്യമാക്കാനുതകും വിധം ഫണ്ട് വകയിരുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-22 മച്ചൂർമല ടൂറിസം സെന്റർ അടിസ്ഥാന സൗകര്യം ഒരുക്കൽ -അപാകങ്ങൾ

| | |
|---|---|
| നിർവഹണഉദ്യോഗസ്ഥൻ | അസി. എൻജിനീയർ |
| പ്രോജക്ട് പേര് ,നമ്പർ | 109/23 മച്ചൂർമല ടൂറിസം സെന്റർ അടിസ്ഥാന സൗകര്യം ഒരുക്കൽ |
| അടങ്കൽ | ₹65082/- വികസന ഫണ്ട് ജനറൽ<br>₹503770/- സംരക്ഷണ ഗ്രാന്റ് റോഡ് |

| | |
|---|---|
| | ആകെ- 568852 |
| ചെലവ് തുക, ബിൽ നമ്പർ | ₹455842, BRN: 2222065201030l547845/28-03-2023 |
| അളവ് ബുക്ക് നമ്പർ | 38224/2022 |
| കരാറുകാരൻ | ശ്രീ. ബിജു. എം |
| എഗ്രിമെന്റ് നമ്പർ തീയതി | AE/LID &EW/13/22-23 Dt.30-01-2023 |

തില്ലങ്കേരി ഗ്രാമപഞ്ചായത്തിലെ മച്ചൂർമലയിൽ ടൂറിസം സെന്റർ സാദ്ധ്യതകൾ മുന്നിൽ കണ്ടു ആയതിനു അടിസ്ഥാന സൗകര്യ വികസനം ഒരുക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണിത്. പദ്ധതിയുടെ ഭാഗമായി മച്ചൂർമല വ്യൂ പോയിന്റിൽ കൂടി കടന്നു പോകുന്ന പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉള്ള റോഡിന് (ആലാച്ചി-മച്ചൂർമല റോഡ് ) ഇരുവശവും 1.2 മീറ്റർ വീതിയിൽ 130 മീറ്റർ നീളത്തിൽ സൈഡ് കോൺക്രീറ്റ് ചെയ്തിട്ടുണ്ട്. Excavation In Soil With Dozer, Providing PCC For Road Work എന്നീ മരാമത്ത് പ്രവർത്തികൾ പൂർത്തിയാക്കി 455842 രൂപ ചെലവഴിച്ചിട്ടുണ്ട്. മേൽ പ്രവൃത്തിയുടെ ഡീറ്റൈൽഡ് എസ്റ്റിമേറ്റ് പ്രകാരമുള്ള ഐറ്റം 2 പ്രവൃത്തികൾ (സ്ട്രക്ചറൽ സ്റ്റീൽ വർക്ക്, പെയിന്റിംഗ്) പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നുണ്ട്. പദ്ധതി പൂർത്തീകരണ കാലാവധി 30-11-2023 ആണ്. പദ്ധതി നടത്തിപ്പിൽ ഓഡിറ്ററിന്റെ ശ്രദ്ധയിൽപെട്ട അപാകം ചുവടെ ചേർക്കുന്നു.

1. ചെറുകിട - പരമ്പരാഗത വ്യവസായങ്ങൾ, ടൂറിസം, ഊർജ്ജം, ഗതാഗതം, മറ്റ് സേവനങ്ങൾ എന്നീ മേഖലകളിൽ വർദ്ധിച്ചതോതിലുള്ള വളർച്ച ഉറപ്പാക്കുക. മേൽപ്പറഞ്ഞ മേഖലകളിലെ വളർച്ച ത്വരിതപ്പെടുത്തുന്നതിനായി നവീനമായ ആശയങ്ങളുടെ അടി സ്ഥാനത്തിലുള്ള തൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുക മേൽപ്പറഞ്ഞ മേഖലകളിലെ പൊതു-സ്വകാര്യ മൂലധനനിക്ഷേപം പരമാവധി വർദ്ധിപ്പിക്കുക, സഹകരണസ്ഥാപനങ്ങളുടെ സാമ്പത്തികവിഭവങ്ങൾ ഇതിനായി പ്രയോജനപ്പെടുത്തുക, എല്ലാ മേഖലകളിലും പരമാവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, ഇതിനായി ആവശ്യമുള്ള ഭൗതിക സൗകര്യങ്ങൾ സ്ഥാപിക്കുക തുടങ്ങിയവ പതിനാലാം പദ്ധതിയുടെ സവിശേഷ വികസന ലക്ഷ്യങ്ങളായി പദ്ധതി മാർഗ്ഗരേഖ ( സ .ഉ . (കൈ) നമ്പർ 84/2022/ ത.സ്വ.ഭ.വ തീയതി 19-04-2022) ഖണ്ഡിക 2-2 ൽ പ്രതിപാദിച്ചിട്ടുണ്ട്. ഖണ്ഡിക 8.15 (1) പ്രകാരം വിനോദ സഞ്ചാര വികസനത്തിന് പദ്ധതി തയ്യാറാക്കുമ്പോൾ സ്വീകരിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. ആയതു പ്രകാരം തദ്ദേശഭരണ സ്ഥാപനതലത്തിലെ പ്രകൃതിരമണീയമായ വിനോദസഞ്ചാര സാദ്ധ്യതകളുള്ള കേന്ദ്രങ്ങളെ വികസിപ്പിച്ച് അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിനു ശ്രമിക്കേണ്ടതാണ് എന്നും അതിനുള്ള സാദ്ധ്യതാപഠനങ്ങൾക്കായി പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ് എന്നും സാദ്ധ്യത പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ DPR തയ്യാറാക്കി പ്രോജക്ട് ഏറ്റെടുക്കാവുന്നതാണ് എന്നും പ്രതിപാദിച്ചിട്ടുണ്ട്. കൂടാതെ ഖണ്ഡിക 8.15 (3) പ്രകാരം ടൂറിസം വികസന സാദ്ധ്യതയുള്ള പ്രദേശം കണ്ടെത്തി പ്രാദേശിക സാമ്പത്തിക വികസനത്തിനായി ടൂറിസം വകുപ്പ് പ്രഖ്യാപിച്ചിട്ടുള്ള ഡെസ്റ്റിനേഷൻ ചലഞ്ച്, ഉത്തരവാദിത്ത ടൂറിസം ഉൾപ്പെടെയുള്ള പരിപാടികളുമായി സഹകരിച്ച് പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ് എന്നും പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ മേൽപ്പറഞ്ഞ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടല്ല പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത് എന്ന് രേഖകളിൽ നിന്നും വ്യക്തമാകുന്നു. സാദ്ധ്യത പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ DPR തയ്യാറാക്കിയിട്ടില്ല. ടൂറിസം വകുപ്പുമായി ബന്ധപ്പെട്ട് പദ്ധതി കൂടിയാലോചനകൾ നടന്നിട്ടില്ല.

2. മച്ചൂർമലയിൽ ടൂറിസം സെന്റർ/ അനുബന്ധ വികസന പ്രവർത്തനങ്ങൾക്ക് അടിസ്ഥാന സൗകര്യം ഒരുക്കുവാൻ പഞ്ചായത്തിന് നിലവിൽ സ്വന്തമായി ഭൂമിയില്ല. വ്യൂ പോയിന്റ് പഞ്ചായത്തു റോഡ് സൈഡിൽ നിന്ന് ദൃശ്യമാണ് എന്നല്ലാതെ, മറ്റു ടൂറിസം സെന്റർ/ അനുബന്ധ വികസന പ്രവർത്തനങ്ങൾ എന്നിവക്ക് നിലവിൽ പഞ്ചായത്തിന് സ്വന്തമായ നിലക്ക് ഭൂമി ഇല്ലാത്തതിനാൽ സാധ്യതയില്ല.

3.വ്യൂ പോയിന്റിൽ നിന്നുമുള്ള വിദൂര ദൃശ്യം പഞ്ചായത്തു റോഡിൽ നിന്നും നിലവിലെ സാഹചര്യത്തിൽ കാണാമെങ്കിലും വ്യൂ പോയിന്റിന് മുന്നിലുള്ള ഭൂമി മാലൂർ പഞ്ചായത്തിലെ സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള ഭൂമി ആയതിനാലും മേൽപ്പറഞ്ഞ ഭൂമിയിൽ നിലവിൽ കശുമാവ് തൈകൾ കൃഷി ചെയ്തിട്ടുള്ളതിനാലും ആയതു വളർന്നു വരുന്ന മുറക്ക് വ്യൂ പോയിന്റിൽ നിന്നുമുള്ള വിദൂര ദൃശ്യം മറയുവാൻ ഇടയാകും. ഈ വെല്ലുവിളി മുൻകൂട്ടികണ്ടുകൊണ്ടല്ല നിലവിൽ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

മേൽപ്പറഞ്ഞ അപാകങ്ങൾ പരിഹരിക്കുവാൻ ആവശ്യമായ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. തനതു ഫണ്ട് സ്രോതസ്സുകൾ കുറവായ പഞ്ചായത്തിന് വിനോദസഞ്ചാര സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താവുന്നതാണ്. ഇതിനായി പദ്ധതി മാർഗ്ഗരേഖ നിർദ്ദേശങ്ങൾക്ക് അനുസൃതമായി കർമ്മപദ്ധതികൾ ആവിഷ്കരിച്ച തയ്യാറാക്കേണ്ടതാണ്. മേൽ വിഷയത്തിലേക്ക് ധനകാര്യ/വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, പഞ്ചായത്തു ഭരണസമിതി എന്നിവരുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു. അപാകങ്ങൾ പരിഹരിച്ച വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-23 ആസ്തി പരിപാലനം - കാര്യക്ഷമമാക്കേണ്ടതാണ്.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 20-01-2017 ലെ ജി.ഒ(ആർ.ടി) 166/2017/ എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം അംഗീകരിച്ച അസറ്റ് മാനേജ് മെന്റ് മാന്വലിലെ ഖണ്ഡിക 2-2 ൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും സെക്രട്ടറി കൺവീനറായും വൈസ് പ്രസിഡന്റ്, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർ പേഴ്സൺമാർ, എൽ.എസ്.ജി.ഡി. എൻജിനീയർ, അക്കൗണ്ടന്റ് തുടങ്ങിയവർ ഉൾപ്പെട്ട ഒരു അസ്സറ്റ് മാനേജ് മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അസ്സറ്റ് മാനേജ് മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി ഗ്രാമ പഞ്ചായത്തിൽ രൂപീകരിച്ചിട്ടുണ്ടോ എന്നും, ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കിയിട്ടുണ്ടോ എന്നും അറിയിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (2/08-09-2023) മറുപടി നല്കിയിട്ടില്ല.

19-04-2022തീയതിയിലെ സ.ഉ (കൈ) നം.84/2022/തസ്വഭവ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച പതിനാലാം പഞ്ചവത്സരപദ്ധതിയിലെ വാർഷികപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ 6.8 നമ്പർ ഖണ്ഡികയിൽ മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കുവാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശഭരണസ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്, സേവനം മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള ആസ്തി വിപുലപ്പെടുത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനും സ്ഥാപനങ്ങളെ ഉന്നതനിലവാരത്തിലേക്കുയർത്തുന്നതിനും അനുയോജ്യമായ നിർദ്ദേശങ്ങളാണ് ആസ്തി സംരക്ഷണപദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. അംഗീകൃത ഏജൻസികളെ ഉപയോഗിച്ച് ജി.ഐ.എസ് സങ്കേതങ്ങൾ ഉപയോഗപ്പെടുത്തി ആസ്തി രജിസ്റ്റർ കുറ്റമറ്റതും കാലികവുമാക്കേണ്ടതും തങ്ങളുടെ ഉടമസ്ഥതയിലുള്ള എല്ലാ ആസ്തികളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് തദ്ദേശഭരണസ്ഥാപനം ഉറപ്പുവരുത്തേണ്ടതുമാണ്. അസ്സറ്റ് മാനേജ് മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ എന്നും, പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷികപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരം ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കിയിട്ടുണ്ടോ എന്നും അറിയിക്കേണ്ടതും, മുഴുവൻ ആസ്തികളും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതുമാണ്.

## 1-24 പ്രാദേശിക സാമ്പത്തിക വികസനത്തിനായുള്ള പദ്ധതി - വിവരം ലഭ്യമാക്കിയിട്ടില്ല.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 28-05-2022ലെ സ.ഉ.(കൈ)115/2022/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച പതിനാലാം പഞ്ചവത്സര പദ്ധതിയുടെ സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.5.1 ൽ സംരഭകത്വ വികസനവും നൈപുണ്യ വികസനവും പ്രധാന ഘടകങ്ങളായി ഉൾപ്പെടുത്തി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വാർഷിക പദ്ധതിക്കൊപ്പം പ്രാദേശിക സാമ്പത്തിക വികസനത്തിനായുള്ള ഒരു പദ്ധതി (LED Plan) കൂടി 2022-23 മുതൽ തയ്യാറാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. 04-01-2023 ലെ സ.ഉ. (കൈ)3/2023/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം പ്രാദേശിക സാമ്പത്തിക വികസന പദ്ധതി നടപ്പാക്കുന്നതിനുള്ള മാർഗ്ഗരേഖ അംഗീകരിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് പ്രാദേശിക സാമ്പത്തിക വികസനത്തിനായുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ എന്നറിയിക്കണമെന്നാവശ്യപ്പെട്ട് നല്കിയ നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (24/14-09-2023) മറുപടി നല്കിയിട്ടില്ല. 04-01-2023ലെ സ.ഉ.(കൈ)3/2023/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരം പ്രാദേശിക സാമ്പത്തിക വികസനത്തിനായുള്ള സംഘടനാ സംവിധാനം രൂപീകരിക്കുന്നതിനും മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച മറ്റ് പ്രവർത്തനങ്ങൾ നടത്തുന്നതിനുമായി ഈ വിഷയം ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

## 1-25 സാമൂഹ്യ ക്ഷേമ പെൻഷൻ - പെൻഷണർ മരണപ്പെട്ട ശേഷവും പെൻഷൻ ഗഡുക്കൾ അനുവദിച്ചു-36,800 രൂപ തിരികെ ഈടാക്കേണ്ടതാണ്.

ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയ ശാന്തിതീരം ശ്മശാനവുമായി ബന്ധപ്പെട്ട അപേക്ഷകൾ, സാമൂഹ്യക്ഷേമ പെൻഷൻ സോഫ്റ്റ്‌വെയറായ സേവനയുമായി ഒത്തുനോക്കിയപ്പോൾ, പഞ്ചായത്ത് വഴി വിതരണം ചെയ്യുന്ന വിവിധ സാമൂഹ്യക്ഷേമ പെൻഷനുകൾ പെൻഷണർമാർ മരണപ്പെട്ടതിനു ശേഷവും നൽകിയതായി കാണുന്നു. പെൻഷണർമാർ മരണപ്പെട്ടതിനു ശേഷവും വിവിധ ക്ഷേമ പെൻഷനുകൾ വിതരണം ചെയ്തതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പെൻഷൻ തരം | പെൻഷണറുടെ പേര്/ ആധാർ നമ്പർ | പെൻഷൻ ഐഡി | മരണപ്പെട്ട തീയതി | സേവന പ്രകാരം ലഭ്യമായ ബാങ്ക് അക്കൗണ്ട് നമ്പർ | അധികം നൽകിയ തുക | ഏതു മാസം മുതൽ ഏതു മാസം വരെ |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | വാർദ്ധക്യ കാല പെൻഷൻ | ഭാർഗവൻ പൂളാങ്കി (873200018575) | 111660200771 | 26.07.2021 | ഡയരക്റ്റ് ഹോം | 1600/- | 08/2021 |
| 2 | കർഷക തൊഴിലാളി പെൻഷൻ | സി.പി.അച്ചുതൻ (618373305988) | 111660100606 | 02.10.2021 | (A/c. Xxxxx317) | 28800/- | 11/2021 മുതൽ 04/2023 വരെ |
| 3 | കർഷക തൊഴിലാളി പെൻഷൻ | കൊയില്യത്ത് മാധവി (258700153137) | 111660100580 | 11.01.2022 | (A/c. Xxxxx266) | 4800/- | 02/2022 മുതൽ 04/2022 വരെ |
| 4 | വിധവ പെൻഷൻ | കോട്ടായി മാധവി (652782648490) | 111660600007 | 22.05.2022 | (A/c. Xxxxx274) | 1600/- | 06/2022 |
| | | | | ആകെ | | 36,800 | |

പെൻഷണർമാർ മരണപ്പട്ടതിനു ശേഷവും പെൻഷനുകൾ നൽകിയത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (28/15.09.2023) നൽകിയതിനെ തുടർന്ന് അനർഹമായി കൈപ്പറ്റിയ തുക കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്ക് ഹെഡ് ഓഫീസ് ബ്രാഞ്ചിലുള്ള അക്കൗണ്ടിലേക്ക് തിരികെ അടവാക്കുവാൻ കത്ത് നൽകിയിട്ടുണ്ട്. തുക തിരികെ ഈടാക്കി രേഖകൾ സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മരണപ്പെട്ടവരുടെയും അനർഹരുടെയും പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കുന്നത് സംബന്ധിച്ച ധനകാര്യ (SFC-Cell-B) വകുപ്പിന്റെ 5.11.2020-ലെ സർക്കുലർ നമ്പർ 67/20-ലെ നിർദ്ദേശങ്ങൾ പാലിക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-26 തനത് വരുമാന വർദ്ധനവ് -അവലോകനം

ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകൾ പ്രകാരം വിഭവസമാഹരണത്തിന്റെ കാര്യക്ഷമതയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ടാക്സ് ഓഡിറ്റ് നടത്തണമെന്ന് സർക്കാർ നിർദേശിച്ചിട്ടുണ്ട്. തില്ലങ്കേരി ഗ്രാമപഞ്ചായത്തിലെ 2022-23 സാമ്പത്തിക വർഷത്തെ ടാക്സ് ഓഡിറ്റിന്റെ അവലോകനം താഴെ കൊടുക്കുന്നു.

01-03-2022 മുതൽ 31-03-2023 വരെ തില്ലങ്കേരി ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 18 യോഗങ്ങൾ ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനുട്സ് പരിശോധിച്ചതിൽ, കമ്മിറ്റിയുടെ 05-03-2022 ലെ 7/22(1) നമ്പർ തീരുമാന പ്രകാരം, വിസ്തീർണ്ണത്തിലും സ്ട്രക്ചറിലും മാറ്റം വരുത്തിയ കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയം ബന്ധപ്പെട്ട വാർഡിന്റെ ചുമതലയുള്ള ക്ലാർക്കുമാർക്ക് നൽകുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ആയത് സംബന്ധിച്ച പ്രവർത്തന പുരോഗതി യോഗം വിലയിരുത്തിയതായി കാണുന്നില്ല.
നിശ്ചിത ഇടവേളകളിൽ വസ്തുനികുതി പിരിവ് പുരോഗതി അവലോകന യോഗങ്ങൾ ചേർന്നിട്ടുണ്ട്. എന്നാൽ മറ്റ് നികുതി/നികുതിയേതര വരവുകളുടെ ഡിമാന്റിംഗ്-പിരിവ് പുരോഗതി അവലോകന യോഗങ്ങൾ ചേർന്നിട്ടില്ല.

<u>വസ്തുനികുതി</u>

വസ്തുനികുതി പരിഷ്കരണ മാർഗനിർദേശം പാലിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശയോടെ ഭരണസമിതി, നികുതി പരിഷ്കരണ വിജ്ഞാപനം 196/2023 തീയതി 08.08.2023 പ്രകാരം അന്തിമമായി അംഗീകരിച്ചിട്ടുണ്ട്. അന്തിമ വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയർ അപ്ഡേഷൻ വന്നിട്ടില്ലാത്തതിനാൽ നിലവിൽ പുതിയ നിരക്കിൽ നികുതി ഈടാക്കി തുടങ്ങിയിട്ടില്ല.

<u>അനധികൃതനിർമാണം</u>

ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെ നിർമ്മാണവും വിപുലീകരണവും നടത്തുകയും പിന്നീട് ക്രമവൽക്കരണം നടത്തി നികുതി ഈടാക്കി വരുകയും ചെയ്യുന്നുണ്ട്. എന്നാൽ ഇത്തരം അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ കണ്ടെത്തി റിപ്പോർട്ട് ചെയ്ത് തുടർനടപടി സ്വീകരിച്ച് യഥാസമയം നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് സാധിച്ചിട്ടില്ല. കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ് തല പരിശോധന നടത്തി, നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള

നടപടികൾ സ്വീകരിക്കേണ്ടതാണ്. 2023-24 വർഷം പ്രാബല്യത്തിൽ വന്ന വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തിയ വേളയിൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ 9 ബി ഫാറത്തിൽ നൽകിയവരുടെ എണ്ണം 368 ആണ്. ഗ്രാമപഞ്ചായത്തിൽ അനധികൃതനിർമ്മാണങ്ങൾ യഥേഷ്ടം നടക്കുന്നുണ്ടെങ്കിലും ആയത് യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിലും തുടർനടപടികൾ സ്വീകരിക്കുന്നതിലും വീഴ്ചയുണ്ടാകുന്നുവെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. ഫീൽഡ് പരിശോധന നടത്തി അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

സേവനഉപനികുതി

2011ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 26, 27 എന്നിവയനുസരിച്ച്, ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകളും ഡ്രൈനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. തില്ലങ്കേരി ഗ്രാമപഞ്ചായത്ത് പരിധിയിൽ തനത് വരുമാനം മെച്ചപ്പെടുത്തുന്നതിന് സേവന ഉപനികുതിയുടെ സാധ്യതകൾ പരിഗണിക്കാവുന്നതാണ്.

തൊഴിൽനികുതി

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ (സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയവർ), സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. പ്രതീക്ഷിത വർഷം തൊഴിൽ നികുതി അടക്കാൻ ബാധ്യസ്ഥരായ ആൾക്കാരുടെ ഡാറ്റാബേസ് തയ്യാറാക്കുന്നതിലൂടെ പ്രൊഫഷണൽസ്, മരാമത്ത് കരാറുകാർ, മറ്റ് കച്ചവടസ്ഥാപനങ്ങളിലെ തൊഴിലാളികൾ എന്നിവരുടെ തൊഴിൽ നികുതി കൃത്യമായി ഈടാക്കാൻ സാധിക്കുന്നതാണ്.

FTE&OS ലൈസൻസ്

ലൈസൻസ് ഫീസ് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ഈടാക്കുന്നതെങ്കിലും മൂലധന നിക്ഷേപത്തിന്റെ ആധികാരികത ഉറപ്പുവരുത്തുന്നതിനുള്ള രേഖകൾ സൂക്ഷിച്ചിട്ടില്ല .താരതമ്യേന ഉയർന്ന മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങളിൽ നിന്ന് പരമാവധി ലൈസൻസ് ഫീസ് ഈടാക്കുന്നതിന് സാധിക്കുന്ന തരത്തിൽ പരിശോധന കാര്യക്ഷമമാക്കേണ്ടതാണ്. ഉയർന്ന മൂലധന നിക്ഷേപം ഉണ്ടാകാൻ സാധ്യതയുള്ള സംരംഭങ്ങളുടെ കാര്യത്തിൽ മൂലധന നിക്ഷേപത്തിന്റെ കൃത്യത വ്യക്തമായ രേഖകൾ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. കൂടുതൽ തുക മുതൽമുടക്കുള്ള വ്യാപാര/വ്യവസായ സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയവ ഫീൽഡ് പരിശോധനയിൽ കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

കെട്ടിടനിർമ്മാണം, മാലിന്യസംസ്കരണം, എഫ്.ടി.ഇ & ഒ.എസ് ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേൽപ്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്തം ബന്ധപ്പെട്ടവർ നിർവഹിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതും ഇതു സംബന്ധിച്ച റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്. നികുതി നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നത് യഥാസമയം ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ അടവാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി കൂടി പരിഗണിച്ച് അധിക വിഭവ സമാഹരണത്തിനുതകുന്ന ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കാവുന്നതാണ്. പദ്ധതി മാർഗ്ഗരേഖയിൽ നിഷ്കർഷിച്ച നടപടികൾ പാലിക്കേണ്ടതാണ്. 14-ാം പഞ്ചവത്സര പദ്ധതി മാരഗ്ഗരേഖ (സ.ഉ.(കൈ) 84/22/തസ്വഭവ തീയതി 19.04.2022) ഖണ്ഡിക 5-1-ൽ നിഷ്കർഷിച്ചിരുന്നത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഭരണസമിതി ഉറപ്പ് വരുത്തേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 07-09-2023, 08-09-2023 | കെ.എസ്.എ./കെ.എൻ.ആർ./സി.10 /1512/2023 തീയതി: 31.10.2023 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കണ്ണൂർ ജില്ല പഞ്ചായത്ത് | 2022-23 | 62470 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് (പ്രോജക്ട് നം-22/23) | 62470 | 0 |
| | 2022-23 | 939798 | ബഡ്സ് സ്കൂൾ കെട്ടിട നിർമ്മാണം (പ്രോജക്ട് നം-30/23) | 939798 | 0 |
| | 2022-23 | 550000 | പാലിയേറ്റീവ് പരിചരണം (പ്രോജക്ട് നം-40/23) | 550000 | 0 |
| | 2022-23 | 84000 | ക്ഷീരകർഷകർക്ക് പാലുല്പാദന ഇൻസെന്റീവ് (പ്രോജക്ട് നം-157/23) | 84000 | 0 |
| | 2022-23 | 2340000 | ലൈഫ് ഭവനപദ്ധതി (പ്രോജക്ട് നം-207/23) | 2340000 | 0 |
| | 2022-23 | 117351 | പാറയാങ്ങട് കുടിവെള്ള പദ്ധതിയുടെ തുക നൽകൽ (പ്രോജക്ട് നം-213/23) | 117351 | 0 |
| ആകെ | | 4093619 | | 4093619 | |
| ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 298230 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് (പ്രോജക്ട് നം-22/23) | 298230 | 0 |
| | 2022-23 | 200000 | ബഡ്സ് സ്കൂൾ കെട്ടിട നിർമ്മാണം (പ്രോജക്ട് നം-30/23) | 200000 | 0 |

| | | | | | |
|---|---|---|---|---|---|
| | 2022-23 | 175000 | സമഗ്ര നെൽകൃഷി വികസനം (പ്രോജക്ട് നം-126/23) | 175000 | 0 |
| | 2022-23 | 50503 | ക്ഷീരകർഷകർക്ക് പാലുല്പാദന ഇൻസെന്റീവ് (പ്രോജക്ട് നം-157/23) | 50503 | |
| | 2022-23 | 3418269 | ലൈഫ് ഭവനപദ്ധതി (പ്രോജക്ട് നം-207/23) | 3418269 | 0 |
| ആകെ | | 4142002 | | 4142002 | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി ക്ക് തുക ഡെപ്പോസിറ്റ് ചെയ്യൽ | 38/25-08-2022 | 853813 | 853813 | 0 |
| | എം.സി.എഫിന് ഇലക്ട്രിക്ക് കണക്ഷൻ ലഭ്യമാക്കൽ | 40/25-08-2022 | 33216 | 33216 | 0 |
| | കാവുമ്പടി എൽ.പി സ്കൂളിന് മുകളിലുള്ള ഇലക്ട്രിക് ലൈൻ മാറ്റി സ്ഥാപിക്കൽ | 39/25-08-2022 | 130410 | 130410 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KUDFC ലോൺ, | ലഭ്യമല്ല | ലഭ്യമല്ല | 6403999 | 554107 | | 5849892 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| അവലോകന റിപ്പോർട്ട് | | 2013-14 | 5.3.10 | കുടുംബശ്രീയും വ്യവസായ /തൊഴിൽ സംരംഭങ്ങളും. | പരാമർശം നിലനിൽക്കുന്നു |
| അവലോകന റിപ്പോർട്ട് | | 2013-14 | 5.3.16 | സർക്കാർ ഉത്തരവുകൾ ലംഘിച്ച് പദ്ധതികൾ നടപ്പാക്കുന്നു. | പരാമർശം നിലനിൽക്കുന്നു |
| അവലോകന റിപ്പോർട്ട് | | 2013-14 | 6-1 | പെർഫോമൻസ് ഗ്രാന്റിന്റെ വിനിയോഗം കാര്യക്ഷമമല്ല | പരാമർശം നിലനിൽക്കുന്നു |
| 2014-15 | 2-2 | 2016-17 | 1 | വസ്തു നികുതി | പരാമർശം നിലനിൽക്കുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 23300407 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 22896266 |
| വരവിനങ്ങളിലുള്ള നഷ്ടം | : ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 527000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|

| | | |
|---|---|---|
| 1-14 | 100000 | ഡോ. ചഷ്മ,മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി |
| 1-15 | 100000 | ശ്രീ. രമേഷ്. പി.കെ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-16 | 100000 | ശ്രീ. തോമസ്. ടി.ഡി, സെക്രട്ടറി |
| 1-17 | 50000 | ശ്രീ. അശോകൻ മലപ്പിലായി, സെക്രട്ടറി |
| 1-18 | 177000 | ശ്രീ. തോമസ്. ടി.ഡി, സെക്രട്ടറി |
| | 527000 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. ചഷ്മ,മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി | മെഡിക്കൽ ഓഫീസർ മുണ്ടേരി എഫ്.എച്ച്.സി | ഗ്രീഫിൽ വായന്തോട് മട്ടന്നൂർ, കണ്ണൂർ ജില്ല |
| ശ്രീ. രമേഷ്. പി.കെ, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി തില്ലങ്കേരി ഗ്രാമപഞ്ചായത്ത് | നികുഞ്ചം മാലൂർ (പി ഒ) 670702 കണ്ണൂർ ജില്ല |
| ശ്രീ. തോമസ്. ടി.ഡി, സെക്രട്ടറി | സെക്രട്ടറി പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് | തടത്തിൽ ഹൗസ് പൂളക്കുറ്റി പി ഒ പൂളക്കുറ്റി 670650 കണ്ണൂർ ജില്ല |
| ശ്രീ. അശോകൻ മലപ്പിലായി, സെക്രട്ടറി | വിരമിച്ചു | അശ്വതി സദൻ കരിയിൽ മാങ്ങാട്ടിടം നിർമലഗിരി കണ്ണൂർ ജില്ല |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന |
|---|---|---|

| | | ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2003-04 | കെ.എസ്.എ./കെ.എൻ.ആർ./സി10/1284/2022 തീ.03.09.2022 അദാലത്ത് റിപ്പോർട്ട് | 1 |
| 2007-08 | കെ.എസ്.എ./കെ.എൻ.ആർ./സി.10/1284/2022 തീ.03.09.2022 അദാലത്ത് റിപ്പോർട്ട് | 1 |
| 2010-11<br>2011-12 | കെ.എസ്.എ./കെ.എൻ.ആർ./സി10/1284/2022 തീ.03.09.2022 അദാലത്ത് റിപ്പോർട്ട് | 3 |
| 2019-20 | കെ.എസ്.എ./കെ.എൻ.ആർ./സി.10/104/2022 തീ. 5-3-2022 | 17 |
| 2020-21 | കെ.എസ്.എ./കെ.എൻ.ആർ./സി.10/105/2022തീ. 11.03.2022 | 27 |
| 2021-22 | കെ.എസ്.എ./കെ.എൻ.ആർ./സി.10/1630/2022തീ. 15.02.2023 | 25 |

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

## Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 73/2023 dated 01-07-2023 and submitted on 05-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Thillankeri Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Thillankeri Grama Panchayat for the year 2022-2023

Date: 31/10/2023

Deputy Director
District Office Kannur
Kerala State Audit Department

## Audit Report appended to the Audit Certificate of Thillankeri Grama Panchayat for the Year 2022-2023.

**1.Major Observations**

1.Major Observations

1. Schedule B-1 is not incorporated in Annual Financial Statements
2) The asset register has not been prepared and kept up-to-date so as to verify the correctness of the amounts as per Schedule B-11 .

**2.Other Observations**

1. Mandatory financial statements such as Ratios prescribed in Kerala Panchayat Raj (Accounts) Rules, 2011, is not enclosed.

2) The amount shown as Capital work in progress in schedule B-11(b) shows the same balance of previous year (Rs.

654373). Documents to verify the correctness of this amount is not made available.

3)Net increase / decrease in cashflow statement does not match with the difference between the opening balance and closing balance of cash and cash equivalents
4)Details of liabilities under different heads in B-9 schedule is not been identified and made available for verification
a) 350400999- Refund of unutilised grant -4131 ,b) 350409901-Refund payable others-28450,c)350800199- other creditors -12840,d)350110101- Employees liabilities -Gross salary payable- 132758
5)Deposit Work fo which utilization certificate is not received in 2022-23 is not included in Schedule B-18
6) Movable Assets-Vehicles - Closing Trial Balance figure asper AFS 21-22 does not match with the Opening Trial Balancefigure of AFS 2022-23
7)Expenditure under MGNREGS head as per AFS does not match with Financial performance statement under MGNREGA for the year
8)Finance Commission Basic and Tide Grant receipts andexpenditure amounts do not match with the figures shown in ACR

9) Documents to verify the correctness of depreciation calculation is not made available
10) Depost under contraors retetension head as per AFS does not match with register in its opening balance

11)Rs.6,850 the amount which has been recorded as stale cheque in B-9-Schedule of the Annual Financial Statement has not been transferred to the Panchayat Fund

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ തില്ലങ്കേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം3

## ധനകാര്യ പത്രികകൾ

1.റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്

| Thillankeri Grama Panchayat RECEIPT & PAYMENT STATEMENT<br>For the period from 01-April-2022 to 31-March-2023 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 5957746.00 |
| Cash | Cash | RP-40(a) | 41212.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 510700.00 |
| 130000000 | Rental income from Panchayat Properties | RP-3 | 500.00 |
| 140000000 | Fees & User Charges | RP-4 | 1172596.00 |
| 150000000 | Sale & Hire Charges | RP-5 | 97642.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 7300000.00 |
| 171000000 | Interest Earned | RP-9 | 114025.00 |
| 190000000 | Prior Period Income | RP-11 | 180095.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-20 | 23340.00 |
| 290000000 | Transfer to Reserve Funds / Prior Period Item(ILGMS) | RP-25 | 20115.00 |
| 311000000 | Earmarked Funds | RP-28 | 2637.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 10499411.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 3041675.00 |
| 460000000 | Loans, Advances and Deposits | RP-49 | 24000.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 8640.00 |
| 330000000 | Secured Loans | RP-31 | 0.0 |
| 340000000 | Deposits Received | RP-33 | 51758.00 |
| 350000000 | Other Liabilities | RP-35 | 253273.00 |
| | Grand total | | 29299365.00 |
| | PAYMENTS | | |
| | Operating | | |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 403955.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 2304354.00 |
| 460000000 | Loans, Advances and Deposits | RP-49 | 1186018.00 |
| | Non Operating | | |
| 340000000 | Deposits Received | RP-33 | 170372.00 |
| 350000000 | Other Liabilities | RP-35 | 18831567.00 |

| | | | |
|---|---|---|---|
| | Closing Balance | | |

| | | | |
|---|---|---|---|
| Bank | Bank | RP-40(b) | 6317183.00 |
| Cash | Cash | RP-40(b) | 85916.00 |
| | Grand Total | | 29299365.00 |

2. ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

| Thillankeri Grama Panchayat INCOME & EXPENDITURE STATEMENT For the period from 01-April-2022 to 31-March-2023 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 2754728.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 164416.00 |
| 140000000 | Fee & User Charges | I-4 | 1309806.00 |
| 150000000 | Sale & Hire Charges | I-5 | 97642.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 119793469.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 97590.00 |
| 180000000 | Other Income | I-9 | 58274.00 |
| 190000000 | Prior Period Income | I-19 | 181513.00 |
| | Total Income | | 124275925.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 10525189.00 |
| 220000000 | Administrative Expenses | I-11 | 474843.00 |
| 230000000 | Operations & Maintenance | I-12 | 419816.00 |
| 240000000 | Interest & Finance Charges | I-13 | 1006.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 3470294.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 20792009.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 585100.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 38601167.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 35515200.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 3040720.00 |

| | | | |
|---|---|---|---|
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 1355.00 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.00 |
| 272000000 | Depreciation | I-17(A) | 10996138.00 |
| | Total Expenditure | | 124422837.00 |
| | Gross Surplus / Deficit of income over Expenditure | | -146912.00 |
| | Gross Surplus / Deficit of income over Expenditure | | -304196.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | 24229.00 |
| | Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund) | | 157284.00 |

3.ബാലൻസ് ഷീറ്റ്

| Thillankeri Grama Panchayat BALANCE SHEET<br>As on 31-March-2023 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | -5859854.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 122430.00 |
| 312000000 | Reserves | B-3 | 67289166.00 |
| | Total Reserve & Surplus | | 61551742.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 5753244.00 |
| | Total Grants, Contributions for Specific Purposes | | 5753244.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 5849892.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 5849892.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 381184.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1500867.00 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 1882051.00 |
| | TOTAL LIABILITIES | | 75036929.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 317532.00 |
| 412000000 | Capital Work in Progress | B-11(b) | 654373.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 4369113.00 |

| | | | |
|---|---|---|---|
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 19847939.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 80425302.00 |
| 416000000 | Accumulated Depreciation | B-11(a) | -39569852.00 |
| | Total Fixed Assets | | 66044407.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 2308974.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 6403099.00 |
| 460000000 | Loans, Advances and Deposits | B-18 | 280449.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | Total Current Assets, Loans and Advances | | 8992522.00 |
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |

| | | | |
|---|---|---|---|
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 75036929.00 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ